# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2488** **06.12.2018-ൽ മറുപടിയ്ക്ക്**

## നെട്ടങ്ങോലത്ത് കിൻഫ്രയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **എ)** ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെട്ടങ്ങോലത്ത് കിൻഫ്രയ്ക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ; | **എ)** ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അർത്ഥനാപത്രം കിൻഫ്ര കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| **ബി)** പ്രസ്തുത ഭൂമിയിലുള്ള 48.39 ഏക്കർ സ്ഥലം കൃഷിയില്ലാത്ത നിലമായി റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കി കിട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | **ബി)** നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| **സി)** പ്രസ്തുത വെറ്റ് ലാന്റ് ഒഴിവാക്കി മറ്റ് സ്ഥലം പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കിൻഫ്ര അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും ആയതിന് അനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | **സി)** കിൻഫ്രയുടെ അപേക്ഷ പരിഗണിക്കുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതി ശുപാർശ ചെയ്യ്, പ്രസ്തുത ശുപാർശ 20.09.2017-ൽ സമിതിയുടെ കൺവീനറായ ചിറക്കര കൃഷിഭവനിലെ കൃഷി ആഫീസർ കാർഷികോല്പാദന കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| **ഡി)** പ്രസ്തുത ഭൂമി ഏറ്റെടുത്ത് എത്രയും വേഗം പദ്ധതി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | **ഡി)** മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാകുന്ന മുറക്ക് മാത്രമെ അക്വിസിഷൻ നടപടികൾ ആരംഭിക്കാനാകൂ. |

**സെക്ഷൻ ഓഫീസർ**